# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 72 — 12.12.2012ൽ മറുപടിയ്ക്ക്

## ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്

ചോദ്യം : ശ്രീ. കെ. കെ. ജയചന്ദ്രൻ
ശ്രീ. എ. കെ. ബാലൻ
ശ്രീ. സാജു പോൾ
പ്രൊഫ. സി. രവീന്ദ്രനാഥ്

ഉത്തരം: ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് കേരളത്തിലെ അണക്കെട്ടുകളെ ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(എ) ഉണ്ട്. പശ്ചിമഘട്ട മേഖലകളിൽ പരിസ്ഥിതി പ്രാധാന്യമുള്ള ത്രിതല മേഖലകൾ (sensitive ecological zones) തിരിച്ചിരിക്കുന്നതിൽ, വനഭൂമി മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനെതിരായുള്ള ശുപാർശകൾ, ജലസേചന പദ്ധതികൾ, ജല-വൈദ്യുത പദ്ധതികൾ എന്നിവയ്ക്കായി അത്തരം മേഖലകളിൽ അണക്കെട്ടുകൾ നിർമ്മിക്കുന്നതിൽ ഏർപ്പെടുത്താൻ ശുപാർശ ചെയ്തിട്ടുള്ള നിരോധനങ്ങളും, നിയന്ത്രണങ്ങളും, ജലവൈദ്യുത പദ്ധതികൾക്കായി നദീജലം തിരിച്ചു വിടരുത് എന്ന ശുപാർശ, അനുവദിക്കപ്പെട്ട കാലാവധി അവസാനിച്ച (30-50 വരെ വർഷം) ഡാമുകൾ ഡീകമ്മീഷൻ ചെയ്യണമെന്ന ശുപാർശ എന്നിവ പുതിയ അണക്കെട്ടുകളുടെ നിർമ്മാണവും പഴയവയുടെ നിലനിൽപ്പും അസാദ്ധ്യമാക്കുന്നതാണ്.

(ബി) ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ നിലപാട് എന്താണെന്ന് അറിയിക്കുമോ ;

(ബി) സംസ്ഥാനത്തിന്റെ ഊർജ്ജ, ജലസേചന, കുടിവെള്ള വിതരണ പദ്ധതികൾക്കാവശ്യമായ ജലസമ്പത്ത് നിലവിൽ ഹൈറേഞ്ചുകളിലുള്ള ഡാമുകളിലെ ജലമാണ്. ഇവയെല്ലാം ഇത്തരം വൻ പദ്ധതികൾക്കു നിരോധനമുള്ള ESZ1 എന്ന വിഭാഗത്തിലാണു വരുന്നത്. ഇവിടങ്ങളിലുള്ള പഴയ ഡാമുകളെല്ലാം ഡീകമ്മീഷൻ ചെയ്യണമെന്ന ശുപാർശ സംസ്ഥാനത്തിന്റെ താല്പര്യത്തിന് തികച്ചും പ്രതികൂല

മാണ്. ESZ1 മേഖലകളിൽ 3 മീറ്റർ പൊക്കമുള്ള ഡാമുകൾ മാത്രമേ നിർമ്മിക്കാവൂ എന്ന മറ്റൊരു ശുപാർശ, മറ്റൊരിരിടത്തും ഡാമുകളുണ്ടാക്കാൻ സാധ്യമല്ലാത്ത കേരളത്തിൽ ജലവൈദ്യുത പദ്ധതികൾക്കായി ഡാം നിർമ്മിക്കുക അസാദ്ധ്യമാക്കും. സംസ്ഥാനത്ത് ജലവൈദ്യുത പദ്ധതികളിൽ നിന്ന് ഉല്പാദിപ്പിക്കാൻ കഴിയുന്ന 2500 മെഗാവാട്ട് വൈദ്യുതിക്ക് അന്യ പോംവഴികളില്ലാതാകും. പരിസ്ഥിതി സൗഹൃദപരമായും ലാഭകരമായും സംസ്ഥാനത്ത് ഉല്പാദിപ്പിക്കാൻ കഴിയുന്ന ഏക വൈദ്യുതി ഉല്പാദന രീതി അവലംബിക്കാനാകാതെയുമാകും.

സംസ്ഥാനത്ത് ലഭ്യമാക്കിയ ജലവിഭവം ഏറ്റവും ഫലപ്രദമായും പരിസ്ഥിതി സൗഹൃദപരമായും ഉപയോഗപ്പെടുത്തേണ്ടതുണ്ട്. അല്ലാത്ത പക്ഷം, സംസ്ഥാനം വരൾച്ചയിലേക്ക് നീങ്ങുകയാവും ഫലം. നിർദ്ദിഷ്ട മുല്ലപ്പെരിയാർ പുതിയ ഡാം, ചാലിയാർ, പാമ്പാർ, അട്ടപ്പാടി, കബനി പദ്ധതികളും കാവേരി നദീജല ട്രൈബ്യൂണൽ അവാർഡ് പ്രകാരം സംസ്ഥാനത്തിനു ലഭിക്കാനർഹതയുള്ള ജലവും, ആവശ്യത്തിനു പകരിക്കാൻ സാധിക്കാതെ വരും.

മറ്റു പശ്ചിമഘട്ട സംസ്ഥാനങ്ങളുടെ കാര്യത്തിൽ പശ്ചിമഘട്ട പ്രദേശ നിർണ്ണയത്തിനായി സമുദ്രനിരപ്പിൽ നിന്ന് 150 അടി നിശ്ചയിച്ചപ്പോൾ കേരളത്തിന് അതേ പരിഗണന നൽകിയിട്ടില്ല. മാത്രമല്ല SEZ കളുടെ നിർണ്ണയം എപ്രകാരമാണെന്നു വ്യക്തമാക്കിയിട്ടുമില്ല. അണക്കെട്ടുകൾ സാധ്യമായ കേരളത്തിലെ മേഖലകൾ കൃത്യമായി ESZ1-ൽ വന്നിട്ടുള്ളപ്പോൾ, അന്യസംസ്ഥാനങ്ങളിൽ സമാന സ്ഥിതിയുള്ള മേഖലകൾ ESZ1 ൽ വന്നിട്ടില്ല. അന്യ സംസ്ഥാനങ്ങൾക്ക് ജലപദ്ധതികൾ സാദ്ധ്യമാകുമ്പോൾ കേരളത്തിനു മാത്രം അത് അസാദ്ധ്യമാകുകയാണ്. രാജ്യത്ത് നിലവിലുള്ള വനനിയമങ്ങൾ പാലിച്ച് സുസ്ഥിര വികസന തത്വങ്ങളിലധിഷ്ഠിതമായ വനഭൂമി വിനിയോഗം സാധ്യമാണെന്ന് സുപ്രീം കോടതി വിധിയുള്ളപ്പോൾ

(ഗോദവർമ്മൻ തിരുമുൽപ്പാട് കേസ്) അനിനെതിരായി ഗാഡ്ഗിൽ കമ്മിറ്റി നൽകിയ ശുപാർശകൾ തിരസ്കരിക്കപ്പെടേണ്ടതാണ്.

| | | | |
|---|---|---|---|
| (സി) | കേന്ദ്ര സർക്കാരിനെ സംസ്ഥാനത്തിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | (സി) | ഉണ്ട്. സംസ്ഥാനം നിലപാട് അറിയിച്ചശേഷം, കേന്ദ്രസർക്കാർ പ്രൊഫ. ഗാഡ്ഗിൽ റിപ്പോർട്ട് പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി പ്ലാനിംഗ് കമ്മീഷൻ അംഗം ശ്രീ.കെ. കസ്തൂരിരംഗൻ അദ്ധ്യക്ഷനായി ഒരു ഉന്നതതല പ്രവർത്തനസമിതി രൂപീകരിച്ചിട്ടുണ്ട്. ടി സമിതിക്കും സർക്കാർ വിശദമായ മെമ്മോറാണ്ടവും, അണക്കെട്ടുകൾക്കെതിരായി ശുപാർശയിന്മേൽ സംസ്ഥാന വൈദ്യുതി ബോർഡിന്റെ റിപ്പോർട്ടും പ്രത്യേകമായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ